# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** 29/10/2019-ൽ മറുപടിയ്ക്ക്

**കേരള ബാങ്കിന്റെ വികസന ലക്ഷ്യങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. കെ. സി. മമ്മത് കോയ<br>,, എ. പ്രദീപ്കുമാർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>പ്രൊഫ. കെ.യു. അരുണൻ :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്കിന്റെ വികസന ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | ആധുനിക ബാങ്കിംഗ് സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുക, പ്രാഥമിക സഹകരണ സംഘങ്ങളെ ശാക്തീകരിക്കുക, കേരള ജനതയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുക, കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഒരു ചാലക ശക്തിയായി പുതിയ ബാങ്കിനെ മാറ്റുക എന്നി ലക്ഷ്യങ്ങളാണുള്ളത്. |
| (ബി) | സഹകരണ മേഖലയെ സംസ്ഥാന വികസനത്തിന്റെ ചാലകശക്തി യാക്കുന്ന വിധത്തിലാണോ കേരള ബാങ്കിന്റെ പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ; | | |
| (സി) | കുത്തകകളുടെ താല്പര്യാർത്ഥം പൊതുമേഖലാ ബാങ്കുകളുടെ ഘടന അഴിച്ച് പണിതുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുത്തൻ സാമ്പത്തിക നയങ്ങൾക്കുള്ള ബദലായി പ്രവാസികൾ ഉൾപ്പെടെയുള്ള സാധാരണക്കാരുടെയും യുവജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമാകുംവിധം താഴെത്തട്ടിൽ വരെയുള്ള സഹകരണ സംഘങ്ങളെക്കൂടി ബന്ധിപ്പിക്കുന്ന ആധുനീകരണം ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവിലും സൗജന്യമായും സാധാരണക്കാരിലുൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും കേരള ബാങ്കിലെ അംഗ സഹകരണ സംഘങ്ങളിലൂടെ ലഭ്യമാക്കുന്നതിന് കഴിയും വിധമാണ് കേരള ബാങ്ക് വിഭാവനം ചെയ്യുന്നത്. കേരളബാങ്ക് രൂപീകരണത്തോടെ വായ്പ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറും. സാങ്കേതികമായും സാമ്പത്തികമായും ഘടനാപരമായും സംഘങ്ങൾക്കും കർഷകർക്കും സാധാരണ ക്കാർക്കും ഗുണമുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ